# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 27/05/ 2020

## ലോക്-ഡൗൺ നിബന്ധനകൾ ലംഘിച്ച് പ്രതിഷേധം. 30 പേർക്കെതിരെ പോലീസ് കേസ്

കൊല്ലം : കൊവിഡ്-19 വ്യാപനം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഹോം, ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിൽ പ്രവേശിപ്പിച്ചിരിക്കുന്നവർ ക്വാറന്റൈൻ ലംഘനം നടത്തുന്നില്ലാ എന്നുറപ്പ് വരുത്താൻ കർശന സുരക്ഷാ സംവിധാനമാണ് പോലീസ് ഒരുക്കിയിരിക്കുന്നത്. ലോക്-ഡൗൺ നിബന്ധനകൾ നിലവിലിരിക്കെ ആയത് ലംഘിച്ച് കൊല്ലം ആണ്ടാമുക്കത്ത് ശുചീകരണ സംവിധാനങ്ങളൊരുക്കാതെ ഫ്രൂട്ട്സ് സ്റ്റാൾ,സ്റ്റേഷനറി തുടങ്ങിയ വ്യാപാര സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ചതിന് 4 കടയുടമകൾക്കെതിരെ കൊല്ലം ഈസ്റ്റ് പോലീസ് കേസ് രജിസ്റ്റർ ചെയ്തു.നിബന്ധനകൾ ലംഘിച്ച് പ്രതിഷേധ പരിപാടികളിൽ പങ്കെടുത്തതിന് കൊല്ലം വെസ്റ്റ് പോലീസ് സ്റ്റേഷൻ പരിധിയിൽ 3 കേസുകളിലായി 30 പേരെ അറസ്റ്റു ചെയ്തു.നിബന്ധനകൾ ലംഘിച്ചതിന് വിവിധ സ്റ്റേഷൻ പരിധികളിലായി 43 പേർക്കെതിരെ 29 കേസുകൾ രജിസ്റ്റർ ചെയ്യുകയും 11 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു.മാസ്ക് ധരിക്കണമെന്ന ഉത്തരവ് നിലവിലിരിക്കെ ആയത് ലംഘിച്ച് പൊതുസ്ഥലങ്ങളിൽ സഞ്ചരിച്ചതിന് 87 പേർക്കെതിരെയും കേസ് രജിസ്റ്റർ ചെയ്തു.പൊതുസ്ഥലങ്ങളിൽ മാസ്ക് ധരിക്കാതെ പുറത്തിറങ്ങുന്നവരെ കണ്ടെത്തുന്നതിനായി സ്പെഷ്യൽ ടാസ്ക് ഫോഴ്സിന്റെ സേവനവും അത്തരം ആൾക്കാർക്ക് ബോധവൽക്കരണം നൽകുന്നതിനും സൗജന്യമായി മാസ്ക് വിതരണം ചെയ്യുന്നതിനുമായി "ബാസ്ക് ഇൻ ദി മാസ്ക് " ക്യാമ്പയിനും തുടരുന്നു.